കെ2/847/15

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ
കുടുംബശ്രീ വിഭാഗം
തീയതി : 03.11.2021.

നോട്ടീസ്

വിഷയം : കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ - കുടുംബശ്രീ വിഭാഗം- വഴിയോര കച്ചവട നിയന്ത്രണ നിയമാവലി - കരട് ബൈലോ - ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കുന്നത് - സംബന്ധിച്ച്.

..........

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ- കുടുംബശ്രീ വിഭാഗം വഴിയോരകച്ചവടക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വഴിയോരകച്ചവട സംരക്ഷണ നിയമം (സ്ട്രീറ്റ് വെൻഡേർസ് ആക്ട് ) 2014 സെക്ഷൻ 37 പ്രകാരവും കേരള മുനിസിപ്പൽ ആക്ട് 1994 സെക്ഷൻ 567 പ്രകാരവും തയ്യാറാക്കിയിട്ടുള്ള വഴിയോര കച്ചവട സംരക്ഷണ നിയന്ത്രണ നിയമാവലി 2020 (കരട്) തയ്യാറാക്കി പൊതുജന അറിവിലേക്ക് പ്രസിദ്ധീകരിക്കുന്നു.

കരട് ബൈലോയിൽ എന്തെങ്കിലും ആക്ഷേപങ്ങളോ അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ ആയതു രേഖാമൂലം ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 14 ദിവസത്തിനകം (21.11.2021) ഓഫീസിൽ അറിയിക്കേണ്ടതാണ്. നിശ്ചിത ദിവസത്തിനു ശേഷം ലഭിക്കുന്ന അഭിപ്രായങ്ങൾ സ്വീകരിക്കുന്നതല്ല.

CORPORATION OFFICE CALICUT

സെക്രട്ടറി
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.

ഉള്ളടക്കം : ബൈലോ

K2|847/15

## വഴിയോരകച്ചവട സംരക്ഷണ നിയന്ത്രണ നിയമാവലി (കരട്), 2020

സ്ട്രീറ്റ് വെണ്ടേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്ലിഹുഡ് ആന്റ് റഗുലേഷൻ ഓഫ് സ്ട്രീറ്റ് വെൻഡിംഗ്) ആക്ട് – 2014ന്റെ അടിസ്ഥാനത്തിൽതയ്യാറാക്കിയത്.

### കോഴിക്കോട് മുനിസിപ്പൽകോർപ്പറേഷൻ

**പീഠിക**

കോഴിക്കോട് നഗരത്തിലുള്ള തെരുവ് കച്ചവടക്കാരുടെ ക്ഷേമം ഉറപ്പാക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ കോഴിക്കോട് നഗരസഭയുടെ നേതൃത്വത്തിൽനടന്നുവരുന്നു. ഇതിന്റെ ഭാഗമായി തെരുവ് കച്ചവടക്കാരെ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിന് നഗരസഭയുടെ നേതൃത്വത്തിൽവിവരശേഖരണം നടത്തുകയുണ്ടായി. ആയിരത്തിലധികം തെരുവ് കച്ചവടക്കാരാണ് നഗരത്തിലുള്ളത്. വഴിയോരകച്ചവട സംരക്ഷണ നിയമം (സ്ട്രീറ്റ് വെണ്ടേഴ്സ് ആക്ട്), 2014 സെക്ഷൻ 37 പ്രകാരവും, കേരള മുനിസിപ്പൽആക്ട് 1994, സെക്ഷൻ 567 പ്രകാരവും തയ്യാറാക്കിയിട്ടുള്ള ചട്ടം, സ്കീം എന്നിവയുടെ പിൻബലത്തോടെ തെരുവ് കച്ചവടക്കാർക്കു സമഗ്രമായ വികസന-ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനാണ് കോഴിക്കോട് കോർപ്പറേഷൻവഴിയോരകച്ചവട സംരക്ഷണ നിയന്ത്രണ നിയമാവലിയ്ക്ക് രൂപം നൽകിയിരിക്കുന്നത്.

1. ആമുഖം

**കോഴിക്കോട്കോർപ്പറേഷൻവഴിയോരകച്ചവട (ജീവനോപാധി സംരക്ഷണവും വഴിയോരകച്ചവട നിയന്ത്രണവും)നിയമാവലി 2020**

കോഴിക്കോട് നഗരസഭയിലെ വഴിയോരകച്ചവടക്കാരുടെ ജീവനോപാധി സംരക്ഷണവുംവഴിയോരകച്ചവടനിയന്ത്രണവും ഉറപ്പാക്കുന്നതിനായി തയ്യാറാക്കിയ നിയമാവലി എന്ന അർത്ഥമാക്കുന്നു. ടി നിയമാവലി **വഴിയോര കച്ചവട സംരക്ഷണ നിയമാവലി2020** എന്ന് അറിയപ്പെടും.ഈ നിയമാവലി പ്രാബല്യത്തിൽവരുന്നത് നിയമാവലി പ്രസിദ്ധീകരിക്കുന്ന തീയതിഎന്നാണോ അന്ന് മുതലായിരിക്കും.

2. **നിർവ്വചനങ്ങൾ**

2.1 **വഴിയോര കച്ചവട നിയമം**: സ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്ലി ഹുഡ്ആന്റ് റെഗുലേഷൻ ഓഫ് സ്ട്രീറ്റ് വെഡിംഗ്) നിയമം 2014

2.2 **സിറ്റി സ്ട്രീറ്റ്വെൻഡിംഗ് " പ്ലാൻ**: 2014 ലെ വഴിയോര കച്ചവട നിയമം സെക്ഷൻ 21 പ്രകാരം തയ്യാറാക്കുന്ന നഗരതല വഴിയോരക്കച്ചവട പ്ലാൻ(**നഗരതെരുവ് വാണിഭ രേഖ**)ഇതിൽവെൻഡിംഗ് സോൺ നിർണ്ണയം, അടിസ്ഥാനസൗകര്യ വികസനം എന്നിവ ഉൾപ്പെടും.

2.3 **ടൗൺ വെൻഡിംഗ് കമ്മിറ്റി**: 2014 ലെ വഴിയോര കച്ചവട നിയമം സെക്ഷൻ 22, 2018 ലെതെരുവോര കച്ചവട ചട്ടം,ചട്ടം (4) എന്നിവപ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റി.

2.4 **കൗൺസിൽ**: കോഴിക്കോട് നഗരസഭാ കൗൺസിൽഎന്ന് അർത്ഥമാക്കുന്നു.

2.5 **വഴിയോര കച്ചവടക്കാർ**:കോഴിക്കോട് നഗരസഭാ പരിധിയിൽനടന്നോ ഇരുന്നോ / ഉന്തുവണ്ടിയിലോ /മോട്ടോർ ഘടിപ്പിച്ചതോ/അല്ലാതെയോ ആയ വാഹനത്തിലോ വിവിധ തരം സാധനങ്ങൾ/ സേവനങ്ങൾ എന്നിവ വിപണനം നടത്തി ഉപജീവനം കഴിക്കുന്നവർ.

2.6 വെൻഡിംഗ് സർട്ടിഫിക്കറ്റ്:നഗരസഭാ പരിധിയിൽകച്ചവടം ചെയ്യുന്ന വഴിയോര കച്ചവടക്കാർക്ക് നഗരസഭ നൽകുന്ന സാക്ഷ്യപത്രം/വെൻഡിംഗ് ലൈസൻസ് എന്നും ഇതിനെ വിളിക്കാവുന്നതാണ്

2.7 തിരിച്ചറിയൽകാർഡ്: കോഴിക്കോട് നഗരസഭ തെരുവ് കച്ചവടക്കാർക്ക് നൽകുന്ന തിരിച്ചറിയൽകാർഡ്.

2.8 വെൻഡിംഗ് ഫീസ്:തെരുവ് കച്ചവടം നടത്തുന്നതിന് ലൈസൻസ് നൽകുന്നവരിൽനിന്ന് നഗരസഭ ഈടാക്കുന്ന ഫീസ്

2.9 വെൻഡിംഗ് സോൺ: നഗരസഭ കൗൺസിൽ /ടൗൺ വെൻഡിംഗ് കമ്മിറ്റി എന്നിവയുടെ നിർദ്ദേശം/ അനുമതി പ്രകാരം വഴിയോര കച്ചവടം നടത്തുന്നതിനായി നിശ്ചയിച്ച് നൽകിയിട്ടുള്ള സ്ഥലം/ പ്രദേശം. നടപ്പാത, റോഡ് അരികുകൾ, തെരുവുകൾ, കൂടാതെ കച്ചവടത്തിനു അനുയോജ്യമായ മറ്റു പ്രദേശങ്ങൾ / സ്ഥലം എന്നിവ വഴിയോര കച്ചവട മേഖലകളാണ്.

2.10 നോ വെൻഡിംഗ് സോൺ(നിരോധിത കച്ചവട മേഖല) - വഴിയോര കച്ചവടം അനുവദനീയമല്ലാത്ത പ്രദേശം. ഈ നിയമാവലിയിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവചനത്തിൽ നല്കാത്തതുമായ വാക്കുകൾ വഴിയോര കച്ചവട നിയമം, ചട്ടം, സ്കീം എന്നിവയിൽ നിർവചിച്ചിട്ടുള്ളതിനു സമാനമാണ്.

3. **വഴിയോര കച്ചവടക്കാരുടെ സർവേ:**

അതാതു സമയങ്ങളിൽ വഴിയോര കച്ചവടം ഉപജീവന മാർഗ്ഗമായി സ്വീകരിച്ചവരെ കണ്ടെത്തുന്നതിന് നഗരസഭ/ ടൗൺ വെൻഡിംഗ് കമ്മിറ്റി വഴിയോര കച്ചവടക്കാരുടെ സർവേ നടത്തുന്നതായിരിക്കും. കുറഞ്ഞത് 5 വർഷത്തിൽ ഒരിക്കലെങ്കിലും സർവേ നടത്തി പുതിയ ആളുകളെ കണ്ടെത്തുന്നതാണ്.

3.1 സർവേ ആരംഭിച്ച് ആറു മാസത്തിനകം സർവേ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്

3.2 സർവേ നടത്തിപ്പിനായി നഗരസഭ ഉദ്യോഗസ്ഥർ/ പുറത്തുനിന്നുള്ള ഏജൻസികൾ/ സാമൂഹ്യ പഠന വിഭാഗം വിദ്യാർത്ഥികൾ എന്നിവരുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

3.3 പ്രത്യേകസർവേ ഫോറത്തിൽ വഴിയോര കച്ചവടക്കാരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതാണ്

3.4 സർവേകാലയളവിൽ കച്ചവടം നടത്തുന്ന വഴിയോര കച്ചവടക്കാരുടെ വിവരങ്ങൾ മാത്രമേ ശേഖരിക്കുകയുള്ളൂ.

**4.1 തെരുവ് കച്ചവടക്കാർക്കുള്ള തിരിച്ചറിയൽ കാർഡ്.**

4.1.1 തെരുവ് കച്ചവടക്കാർക്കുള്ള തിരിച്ചറിയൽ കാർഡ് അനുവദിച്ചു നൽകുന്നതിനുള്ള അധികാരം നഗരസഭാ കൗൺസിലിൽ നിക്ഷിപ്തമാണെങ്കിലും ആയതുടൌൺ വെൻഡിങ് കമ്മറ്റിയുടെ ശുപാർശ പ്രകാരമായിരിക്കും.

4.1.2 കാല കാലങ്ങളിൽ നഗരസഭസംഘടിപ്പിക്കുന്ന തെരുവ് കച്ചവട സർവ്വേ അടിസ്ഥാനമാക്കിയുള്ള ലിസ്റ്റ് പ്രകാരമായിരിക്കും തിരിച്ചറിയൽ കാർഡ് അനുവദിച്ചു നല്കുന്നതെങ്കിലും 2 സർവ്വേ കാലയളവുകൾക്കിടയിൽ കച്ചവടത്തിലേർപ്പെടുന്ന ഒരു കച്ചവടക്കാരൻ തെരുവ് കച്ചവട തിരിച്ചറിയൽ കാർഡ് അനുവദിച്ചു നൽകുന്നതിനുള്ള അപേക്ഷകൗൺസിലിന് നൽകുകയാണെങ്കിൽ ടൌൺ വെൻഡിങ് കമ്മറ്റിയുടെ ശുപാർശ പ്രകാരം ആയതിന്മേൽ ഉചിതമായ നടപടി സ്വീകരിക്കാൻ കൗൺസിലിന് അധികാരമുണ്ടായിരിക്കും

**4.2 തെരുവ് കച്ചവടതിരിച്ചറിയൽ കാർഡ്അനുവദിക്കുന്നതിനുള്ള നിബന്ധനകൾ**

4.2.1 വഴിയോര കച്ചവടം ഉപജീവന മാർഗ്ഗമായി സ്വീകരിച്ച്നഗരസഭ പരിധിയിൽ തെരുവ് കച്ചവടം നടത്തുന്ന വ്യക്തിയായിടൌൺ വെൻഡിങ് കമ്മറ്റി കണ്ടെത്തി ശുപാർശ ചെയ്ത കച്ചവടക്കാരൻ ആയിരിക്കണം

4.2.218 വയസ് പൂർത്തിയായ വ്യക്തിയ്ക്ക് മാത്രമേ തെരുവ് കച്ചവട തിരിച്ചറിയൽ കാർഡ്അനുവദിക്കുകയുള്ളൂ.

4.2.3 നഗരസഭ നൽകുന്നതിരിച്ചറിയൽ കാർഡ് യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറാനോ വാടകയ്ക്ക് കൊടുക്കാനോ പാടില്ല.

4.2.4 നഗരസഭ നൽകുന്ന തിരിച്ചറിയൽ കാർഡ് യാതൊരു കാരണവശാലും ഒരു വ്യക്തിക്ക് തെരുവ് കച്ചവടം അനുവദിക്കുന്നതിനുള്ള ഔദ്യോഗിക രേഖ അല്ല, പകരം ടിയാനെ / ടി യാളെ നഗരസഭാ പരിധിയിൽ തെരുവ് കച്ചവടം ചെയ്യുന്ന വ്യക്തിയായി കണ്ടെത്തി എന്ന് മാത്രമായിരിക്കും.

4.2.5 തെരുവ് കച്ചവടക്കാർക്കുള്ള തിരിച്ചറിയൽ കാർഡ് നൽകുന്നത് കേരള തെരുവുകച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) സ്കീം 2019 ലെ ഫോറം കഥ പ്രകാരമായിരിക്കും.

4.2.6 തിരിച്ചറിയൽ കാർഡിന്റെകാലാവധി 3 വർഷമായിരിക്കും

5. വെൻഡിംഗ് സർട്ടിഫിക്കറ്റ് /ലൈസെൻസ്നഗരസഭ നടത്തുന്ന വഴിയോര കച്ചവടക്കാരുടെ സർവേയിൽ ഉൾപ്പെട്ട അർഹരായ എല്ലാ വഴിയോര കച്ചവടക്കാർക്കും നഗരസഭാ കൗൺസിൽ, ടൗൺ വെൻഡിംഗ് കമ്മിറ്റി എന്നിവയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി വെൻഡിംഗ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്.

5.1 രണ്ടു സർവേയുടെ കാലയളവുകൾക്കിടയിൽ വഴിയോര കച്ചവടം ഉപജീവന മാർഗ്ഗമാക്കാൻ താൽപര്യമുള്ള സർവേയിൽ ഉൾപ്പെടാത്തതും നഗരസഭ പരിധിയിൽ താമസിക്കുന്നവരുമായവർ ടൗൺ വെൻഡിംഗ് കമ്മിറ്റി മുഖാന്തരം അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷയിന്മേൽ കൈക്കൊണ്ട തീരുമാനം 60 ദിവസത്തിനകംവെൻഡിംഗ് കമ്മിറ്റി അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

6. **വെൻഡിംഗ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നിബന്ധനകൾ:**

കോഴിക്കോട്നഗരസഭ തെരുവ് കച്ചവട സമിതിയുടെയും ഹെൽത്ത് സൂപ്പർവൈസറുടെയും ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസറുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ കൗൺസിൽ നിബന്ധനകൾക്ക് വിധേയമായി തെരുവ് കച്ചവടക്കാർക്ക് വെൻഡിംഗ് സർട്ടിഫിക്കറ്റ് /ലൈസൻസ് അനുവദിക്കുന്നതാണ്.

6.1 വെൻഡിംഗ് സർട്ടിഫിക്കറ്റ് /ലൈസൻസ് ലഭിക്കുന്നതിന് നിശ്ചിത ഫോറത്തിൽനഗരസഭാ സെക്രട്ടറിക്ക് അപേക്ഷ നൽകണം.

6.2 പോലീസ് കേസ് ഉള്ളവർക്ക് നഗരസഭ ലൈസൻസ് അനുവദിക്കുന്നതല്ല

5.3 ലൈസൻസ് അനുവദിക്കുന്നതെരുവ് കച്ചവടക്കാർക്ക് മറ്റ് ജീവനോപാധികൾ പാടില്ല. മറ്റു ജീവനോപാധികൾ ലഭ്യമാകുന്ന പക്ഷം / അനുഗതമാകുന്ന പക്ഷം ആയതു നഗരസഭയിൽ അറിയിക്കേണ്ടതും നഗരസഭ ലൈസെൻസ് റദ്ദു ചെയ്യുന്നതുമാണ്

6.4 തെരുവ് കച്ചവടത്തിന് നൽകുന്ന വെൻഡിംഗ് സർട്ടിഫിക്കറ്റ് /ലൈസൻസ്എന്നിവ പ്രകാരംഅനുവദിച്ചു നൽകിയ നിശ്ചിത സ്ഥലത്ത് മാത്രമേതെരുവ് കച്ചവടം പാടുള്ളൂ.എന്നാൽ സഞ്ചരിച്ചുകൊണ്ടു കച്ചവടം ചെയ്യുന്നവർക്ക് ഇത് ബാധകമല്ല.

6.5 ഒരു കുടുംബത്തിൽഒരാൾക്ക് മാത്രമേ ലൈസൻസ് അനുവദിക്കുകയുള്ളൂ.

6.6 18വയസ് പൂർത്തിയായ വ്യക്തിയ്ക്ക് മാത്രമേ തെരുവ് കച്ചവട ലൈസൻസ് അനുവദിക്കുകയുള്ളൂ.

6.7നഗരസഭ നൽകുന്ന ലൈസൻസ് യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറാനോ നിശ്ചയിച്ചുനൽകുന്ന സ്ഥലം വാടകയ്ക്ക് കൊടുക്കാനോ പാടില്ല.

6.8ഭക്ഷണസാധനങ്ങൾ തയ്യാർ ചെയ്ത് വിൽപന നടത്തുന്ന ഉന്തുവണ്ടികളിൽ ഒരേ സമയത്തു ഒന്നിൽഅധികം ഗ്യാസ് സിലിണ്ടറുകൾ /അടുപ്പുകൾ ഉപയോഗിക്കുവാനോ, സൂക്ഷിക്കുവാനോ പാടുള്ളതല്ല.

6.9കോർപറേഷൻ നൽകിയ തെരുവ് കച്ചവടക്കാരുടെ തിരിച്ചറിയൽ കാർഡ് കൈവശമുള്ള വ്യക്തിക് മാത്രമേ ഉന്തുവണ്ടിയിൽ കച്ചവടം ചെയ്യാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. എന്നാൽഅടിയന്തിര സാഹചര്യത്തിൽ ലൈസൻസ് ലഭിച്ച ഒരു കുടുംബാംഗത്തെ കൂടാതെ കച്ചവട സ്ഥലത്തു ഒരാളിന്റെ കൂടി സേവനം വിനിയോഗിക്കാവുന്നതാണ്

6.10ആഹാരസാധനങ്ങൾ കൈകാര്യം ചെയ്യുന്ന ആളുകൾക്കു നിർബന്ധമായും ഹെൽത്ത് കാർഡ് ഉണ്ടാകേണ്ടതാണ്.

6.11ഉന്തുവണ്ടികളും കച്ചവടം നടക്കുന്ന പരിസര പ്രദേശങ്ങളും നഗരസഭ സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്ക് ഏതുസമയത്തും പരിശോധിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

6.12നിരോധിതവസ്തുക്കൾ പുകയില, ലഹരി പദാർത്ഥങ്ങൾ,സിഗരറ്റുകൾ, മറ്റ്നിരോധിത വസ്തുക്കൾ തുടങ്ങിയവ വിൽക്കാൻ അനുവദിക്കുന്നതല്ല.

6.13നഗരസഭ നൽകുന്ന ലൈസൻസ് കച്ചവട യൂണിറ്റിൽ പ്രദർശിപ്പിക്കേണ്ടതാണ്.

6.14നഗരസഭ നിശ്ചയിച്ചിട്ടുള്ള നിയമാനുസൃത ഫീസ് നൽകാൻ കച്ചവടക്കാർ ബാധ്യസ്ഥരാണ്.

6.15ഭക്ഷണ സാധനങ്ങൾ/ പാത്രങ്ങൾ/ ഭക്ഷണം വിതരണം ചെയ്യുന്ന/ പാചകം ചെയ്യുന്ന സ്ഥലം എന്നിവ വൃത്തിയായി സൂക്ഷിക്കണം. പാചകം ചെയ്യുന്ന/ വിതരണം ചെയ്യുന്ന വ്യക്തികൾ രോഗബാധിതർ ആയിരിക്കാൻ പാടില്ല.

6.16വൃത്തിയും വെടിപ്പുമുള്ള വസ്ത്രങ്ങൾ ധരിക്കേണ്ടതും, വ്യക്തി ശുചിത്വം പാലിക്കേണ്ടതുമാണ്.

6.17പൊതുവെരാവിലെ 06 മണി മുതൽ രാത്രി 10 മണിവരെയായിരിക്കും കച്ചവടം അനുവദിക്കുക. എന്നിരുന്നാലും ഓരോ കച്ചവട മേഖലക്കും പ്രത്യേകമായി സമയക്രമം നിശ്ചയിക്കാൻ നഗരസഭ കൗൺസിൽ / നഗര തെരുവ് കച്ചവട സമിതി എന്നിവക്കു അധികാരമുണ്ടായിരിക്കുന്നതാണ്. ഓരോരുത്തർക്കും ലൈസൻസ് അനുവദിക്കുമ്പോൾ അവരുടെ നിശ്ചയിച്ചിട്ടുള്ളസമയം ആയതിൽ രേഖപ്പെടുത്തുന്നതാണ്.

6.18ഭക്ഷണ സാധനങ്ങൾ തയ്യാർ ചെയ്യുന്നതിനായി ഉപയോഗിക്കുന്ന വെള്ളം, കുടിവെള്ളം, കച്ചവട സ്ഥലം എന്നിവ ഹെൽത്ത് ഇൻസ്പെക്ടർ മുഖാന്തിരം പരിശോധിച്ച പരിശോധന റിപ്പോർട്ട് ഉന്തുവണ്ടിയിൽ സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന സമയത്തു ആയതുപരിശോധനക്കു നൽകേണ്ടതുമാണ്.

6.19കുപ്പിവെള്ളം, ശീതളപാനീയങ്ങൾ, പാക്കറ്റിലടച്ച ഭക്ഷ്യവസ്തുക്കൾ എന്നിവ വെയിൽ കൊള്ളുന്ന സ്ഥലത്തു പ്രദർശിപ്പിക്കാനോ, സൂക്ഷിക്കുവാനോ പാടുള്ളതല്ല.

6.20എളുപ്പത്തിൽ തീ പിടിക്കാൻ സാധ്യതയുള്ള വസ്തുക്കളോ സർക്കാർ/കോർപറേഷൻ മറ്റു സർക്കാർ ഏജൻസികൾ നിരോധിച്ചിട്ടുള്ളതുമായ സാധനങ്ങൾ സൂക്ഷിക്കുവാനോ,വിൽപന നടത്തുവാനോ പാടുള്ളതല്ല.

6.21പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ളഡിസ്പോസിബിൾ വസ്തുക്കൾ, നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ എന്നിവ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

6.22ജില്ലാ ഭരണകൂടം, നഗരസഭ, ഫുഡ് സേഫ്റ്റി വകുപ്പ് എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി മാത്രമേ കച്ചവടം അനുവദിക്കുകയുള്ളൂ.

6.23കച്ചവടവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഖര/ദ്രവ മാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ കച്ചവടം ചെയ്യുന്ന വ്യക്തി സംസ്കരിക്കേണ്ടതാണ്.

6.24യാതൊരു കാരണവശാലും മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുകയോ, കടലിൽ/ പുഴയിൽ/ഓടയിൽ/ പൊതു സ്ഥലത്തു ഉപേക്ഷിക്കുകയോ, കുഴിച്ചു മൂടുകയോ ചെയ്യാൻ പാടില്ല.

6.25ലൈസൻസ് ലഭിച്ച വ്യക്തിയോ കുടുംബാംഗങ്ങളോ സമാന്തരമായി മറ്റു തെരുവ് കച്ചവട പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പാടില്ല.

6.26മേൽ നിബന്ധനകൾക്കു പുറമെ നഗര സഭ കൗൺസിൽ / നഗര തെരുവ് കച്ചവട സമിതി എന്നിവ വിവിധ കച്ചവട മേഖലക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കുന്ന നിബന്ധനകളും ബാധകമായിരിക്കും

6.27മുകളിൽ പറഞ്ഞ വ്യവസ്ഥകളുടെ ലംഘനത്തിന് ആദ്യതവണ:500 രൂപ പിഴയും, രണ്ടാം തവണ 1000 രൂപ, 3ാം തവണ2000 രൂപ പിഴയും ഈടാക്കുകയും തുടർന്ന് നാലാം തവണ ലൈസൻസ് താത്ക്കാലികമായും അഞ്ചാം തവണ ലൈസൻസ് "പൂർണമായും റദ്ദ് ചെയ്യുന്നതാണ്.

6 .വെൻഡിംഗ് ഫീസ് അടക്കുന്നതിനുള്ള നടപടിക്രമങ്ങൾ.

വഴിയോര കച്ചവടവുമായി ബന്ധപ്പെട്ട ഫീസുകൾ, നികുതികൾ, മറ്റ് ചാർജുകൾ എന്നിവ 2014 ലെ നിയമം, ചട്ടം, സ്കീം, എന്നിവയുടെ അടിസ്ഥാനത്തിൽ നഗരസഭ ഒരുക്കുന്ന ഉദ്യോഗസ്ഥ സംവിധാനം വഴിയോ, ബാങ്കിങ് സംവിധാനത്തിലൂടെയോ നഗരസഭയുടെ കൗണ്ടർ വഴിയോടെുക്കാവുന്നതാണ്.

6.1 വെൻഡിംങ് കമ്മിറ്റി, നഗരസഭ കൗൺസിൽനിർദേശങ്ങൾക്ക് വിധേയമായി വെൻഡിംങ് ഫീസ്സമയക്രമം പാലിച്ചുകൊണ്ട് വഴിയോര കച്ചവടക്കാർ അടയ്ക്കേണ്ടതാണ്.

6.2 ഫീസ്, നികുതി, പിഴ, മറ്റ് ചാർജുകൾ എന്നിവ നഗരസഭകൗൺസിൽ,ടൗൺ വെൻഡിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായി വർഷാവർഷം പുതുക്കാവുന്നതാണ്. ആയതു കാര്യ കാരണ സഹിതം പൊതു മാധ്യമങ്ങൾ/നഗരസഭ നോട്ടീസ് ബോർഡ് എന്നിവയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

7. **ടൗൺ വെൻഡിംഗ് കമ്മിറ്റിഓഫീസ് /ഉദ്യോഗസ്ഥ സംവിധാനം:** ടൗൺ വെൻഡിംഗ് കമ്മിറ്റിയുടെ ഓഫീസ് ഉദ്യോഗസ്ഥ സംവിധാനം വഴിയായിരിക്കും വഴിയോര കച്ചവടവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് നഗരസഭ നടപടികൾ സ്വീകരിക്കുന്നത്.

7.1. ടൗൺ വെൻഡിംഗ് കമ്മിറ്റിഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥല സൗകര്യം നഗരസഭ ഒരുക്കി നൽകുന്നതും ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനെ ടൗൺ വെൻഡിംഗ് കമ്മിറ്റി ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി മറ്റു ജോലികളോടൊപ്പം ചുമതലപ്പെടുത്തുന്നതായിരിക്കും

7.2. നഗരസഭ പരിധിയിൽവഴിയോരക്കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ്, ലൈസൻസ് എന്നിവ അനുവദിക്കുന്നതിനുള്ള ഓഫീസറുടെ ചുമതല നഗരസഭ ഹെൽത്ത് സൂപ്പർവൈസർക്കു ആയിരിക്കും.

7.3. ഹെൽത്ത് ഇൻസ്പെക്ടർമാർ / ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർക്ക് അപേക്ഷകളുടെ പരിശോധന, അന്വേഷണം എന്നീ ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്.

7.4അപേക്ഷ സംബന്ധിച്ച് പ്രത്യേക രജിസ്റ്ററുകൾ നഗരസഭസൂക്ഷിക്കേണ്ടതും അപേക്ഷകൾക്ക് രസീത് നൽകേണ്ടതുമാണ്.

7.5. വഴിയോരകച്ചവടക്കാരുടെ ലൈസൻസ് / വെൻഡിംഗ് സർട്ടിഫിക്കറ്റ് എന്നിവറദ്ദ് ചെയ്യുക, സസ്പെൻഡ് ചെയ്യുക എന്നിവയ്ക്കുള്ള അധികാരംനഗരസഭ കൗൺസിൽ, നഗര തെരുവ് കച്ചവട സമിതി എന്നിവയിൽ നിക്ഷിപ്തമാണ്. ആയതു നടപ്പിലാക്കുന്നതുനഗരസഭാ സെക്രട്ടറിചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ മുഖേന ആയിരിക്കും.

7.6. ടൗൺ വെൻഡിംഗ് കമ്മിറ്റി ഓഫീസ് എല്ലാവർഷവും സാമ്പത്തിക വർഷം അവസാനിച്ച് മൂന്നു മാസത്തിനകം വരവ് ചെലവ് കണക്കുകൾ, നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് എന്നിവ നഗരസഭസെക്രട്ടറി മുൻപാകെ സമർപ്പിക്കേണ്ടതാണ്.

7.7. ടൗൺ വെൻഡിംഗ് കമ്മിറ്റി ഓഫീസ് സൂക്ഷിക്കേണ്ട രേഖകൾ / രജിസ്റ്ററുകൾ: ടൗൺവെൻഡിംഗ് കമ്മിറ്റി താഴെ പറയുന്ന രേഖകൾ / രജിസ്റ്ററുകൾ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്

7.7.1 സർവേയിൽ ഉൾപ്പെട്ടിരിക്കുന്ന കച്ചവടക്കാരെ സംബന്ധിച്ച വിവരങ്ങൾ

7.7.2 തിരിച്ചറിയൽ കാർഡ് അനുവദിച്ചിരിക്കുന്ന വഴിയോര കച്ചവടക്കാരുടെ വിവരങ്ങൾ

7.7.3 ലൈസൻസ് /വെൻഡിംഗ് സർട്ടിഫിക്കറ്റ് അനുവദിച്ചിരിക്കുന്നവരുടെ വിവരങ്ങൾ

7.7.4 ശിക്ഷാ നടപടികൾ സംബന്ധിച്ച വിവരങ്ങൾ

7.7.5 മീറ്റിംഗ് മിനുട്സ് മുതലായവ.

**8. വെൻഡിംഗ് സർട്ടിഫിക്കറ്റ് / ലൈസൻസ് പുതുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ**

8.1. വെൻഡിംഗ് സർട്ടിഫിക്കറ്റു കാലാവധി അവസാനിക്കുന്നതിനു മൂന്നു മാസം മുൻപായിവഴിയോര കച്ചവടക്കാർലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നഗരസഭ വെൻഡിംഗ് കമ്മിറ്റി മുൻപാകെ സമർപ്പിക്കേണ്ടതാണ്

8.2. ലൈസൻസ്/സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ളഅപേക്ഷ ഫീസ് 50 രൂപ ആയിരിക്കും

8.3. വെൻഡിംഗ് സർട്ടിഫിക്കറ്റിന്റെ കാലാവധി 3 വർഷമായിരിക്കും

8.4 അപേക്ഷകൾ പരിശോധന/ അന്വേഷണത്തിന് വിധേയമാക്കിയ ശേഷം റിപ്പോർട്ട് സഹിതം ടൗൺ വെൻഡിംഗ് കമ്മിറ്റിയുടെ ശുപാർശക്കായി സമർപ്പിക്കുന്നതുംവെൻഡിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം ലൈസൻസ് അനുവദിക്കുന്നതുമായിരിക്കും

8.5. വെൻഡിംഗ് സർട്ടിഫിക്കറ്റ്/ലൈസൻസ് പുതുക്കാൻ കൃത്യസമയത്ത് അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്തവർകാലാവധി കഴിഞ്ഞു 30 ദിവസത്തിനകം 50 രൂപ പിഴ ഒടുക്കി അപേക്ഷ സമർപ്പിക്കേണ്ടതാണ്

8.6. സർട്ടിഫിക്കറ്റ്/ലൈസൻസ്കാലാവധി കഴിഞ്ഞു 30 ദിവസത്തിനകം വെൻഡിംഗ് ലൈസൻസ് /സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ളഅപേക്ഷ സമർപ്പിക്കാൻ സാധിക്കാത്തവർ 60 ദിവസം വരെ പിഴയായ 50 രൂപയ്ക്കു പുറമെ ദിവസേന 10 രൂപനിരക്കിൽസർട്ടിഫിക്കറ്റ് പുതുക്കുന്നതിന് പിഴ അടക്കേണ്ടതാണ്

8.7 കാലാവധി കഴിഞ്ഞു 60 ദിവസത്തിന് ശേഷം വെൻഡിംഗ് സർട്ടിഫിക്കറ്റ്/ലൈസെൻസിനു അപേക്ഷിക്കുന്നവർ പുതിയ അപേക്ഷ നൽകുന്ന രീതിയിൽ എല്ലാ നടപടികളും പാലിച്ചു അപേക്ഷ നൽകേണ്ടതാണ്

**9. വെൻഡിംഗ് സർട്ടിഫിക്കറ്റ്/ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് / താത്കാലികമായി റദ്ദു ചെയ്യു ന്നതിനുള്ള നിബന്ധനകൾ:**

വെൻഡിംഗ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുന്നതിനും താത്കാലികമായി റദ്ദു ചെയ്യുന്നതിനുമുള്ള അധികാരം നഗരസഭ കൗൺസിൽ, നഗര തെരുവ് കച്ചവട സമിതി എന്നിവയിൽ നിക്ഷിപ്തമാണ്.ആയതു നടപ്പിലാക്കുന്നത്ഹെൽത്ത് സൂപ്പർവൈസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആയിരിക്കുന്നതാണ്

9.1 സർട്ടിഫിക്കറ്റിൽനിർദ്ദേശിക്കാത്ത സ്ഥലത്ത് കച്ചവടം ചെയ്യുമ്പോൾ

9.2പതിനെട്ടു വയസ്സ് പൂർത്തീകരിക്കാത്തവരാണെങ്കിൽ

9.3വെൻഡിംഗ് സർട്ടിഫിക്കറ്റിൽഅനുവദിച്ചിരിക്കുന്നതിലും കൂടുതൽ സ്ഥലം കച്ചവടത്തിനായി വിനിയോഗിച്ചാൽ

9.4 ഫുഡ് സേഫ്റ്റി ലൈസൻസ്, നഗരസഭ അനുവദിക്കുന്ന ഹെൽത്ത് കാർഡ്, ദേഹ പരിശോധന,എന്നീ വ്യവസ്ഥകൾ പാലിക്കാത്തവരുടെലൈസൻസ്

9.5 വഴിയോര കച്ചവടത്തിനായി അനുവദിച്ചിരിക്കുന്ന സ്ഥലത്ത് സ്ഥിര നിർമ്മാണം നടത്തുമ്പോൾ

9.6വെൻഡിംഗ് സർട്ടിഫിക്കറ്റ് പുതുക്കുവാനുള്ള കാലാവധിയും ഒരു മാസത്തെ ഗ്രേസ് പിരീഡും പിഴയോടു കൂടി പുതുക്കുന്നതിനുള്ള കാലാവധിയും കഴിയുമ്പോൾ

9.7 വഴിയോര കച്ചവടമല്ലാത്ത മറ്റ് സ്ഥിരം ഉപജീവന മാർഗം ഉണ്ടെന്ന് അറിയുമ്പോൾ

9.8 സർട്ടിഫിക്കറ്റിൽകൃത്രിമം വരുത്തിയാൽ

9.9വെൻഡിംഗ് സർട്ടിഫിക്കറ്റ് / ലൈസെൻസ് നിബന്ധനകളിൽ വീഴ്ച വരുത്തിയാൽ

9.10 ലൈസൻസ് / സർട്ടിഫിക്കറ്റ് മറ്റൊരാൾക്ക് കൈമാറുമ്പോൾ

9.11 അനുവദനീയമല്ലാത്ത ഉത്പന്നങ്ങൾ / സാധനങ്ങൾ / സേവനങ്ങൾ വിൽക്കുന്നതു നൽകുന്നതുമായി ശ്രദ്ധയിൽ പെട്ടാൽ

9.12നിയമത്തിൽ(ആക്റ്റിൽ)നിർദ്ദേശിച്ച പ്രവർത്തനങ്ങൾക്ക് വിരുദ്ധമായി കച്ചവടം നടത്തുക , ഫീസ് / നികുതി അടയ്ക്കാതിരിക്കുക, പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുക എന്നീ കാരണങ്ങൾ ലൈസൻസ് തടഞ്ഞു വയ്ക്കുന്നതിനോ റദ്ദു ചെയ്യുന്നതിനോ കാരണമാകാം.

**10. വെൻഡിംഗ് സർട്ടിഫിക്കറ്റ്/ലൈസൻസ് റദ്ദ് ചെയ്യുന്നതിന് / താത്കാലികമായി റദ്ദു ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

10.1 വഴിയോര കച്ചവടം നടത്തുന്ന വ്യക്തി നിബന്ധനകൾക്ക് എതിരായി കച്ചവടം നടത്തുന്നു എന്ന്കണ്ടെത്തുന്ന പക്ഷം വഴിയോര കച്ചവടക്കാർക്ക് 15 ദിവസത്തിനകം മറുപടി ലഭ്യമാക്കുന്നതിനായി നോട്ടീസ് അയക്കുന്നതായിരിക്കും. ആയതു സംബന്ധിച്ച് വിശദാംശങ്ങൾ നേരിൽ കേൾക്കുന്നതിനുള്ള അവസരമൊരുക്കകയും ചെയ്യും. നേരിൽകേൾക്കുന്നതിനായി ഹാജരാവാതിരിക്കുക വ്യക്തമായ മറുപടിലഭിക്കാതിരിക്കുക എന്നീ സാഹചര്യത്തിൽ അന്വേഷണത്തിന് വിധേയമായി സർട്ടിഫിക്കറ്റ് ക്യാൻസൽ ചെയ്യുന്നതായിരിക്കും

10.2 വഴിയോര കച്ചവടം നടത്തുന്ന വ്യക്തിക്ക് ടൗൺ വെൻഡിംഗ് കമ്മിറ്റിപരാമർശിച്ചിരിക്കുന്ന കാലാവധിക്കകം തെറ്റ് തിരുത്തുന്നതിനുള്ള അവസരം നൽകുന്നതാണ്

10.3 വ്യവസ്ഥകൾ പാലിച്ചതായി ബോധ്യപ്പെട്ടാൽ ലൈസൻസ് പുനർസ്ഥാപിക്കുന്നതിനുള്ള അധികാരം ലൈസൻസ് നല്കുന്ന ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

10.4 കുറഞ്ഞത് ഏഴു ദിവസത്തേക്ക് അന്വേഷണവിധേയമായി ലൈസൻസ് / വെൻഡിംഗ് സർട്ടിഫിക്കറ്റ് തടഞ്ഞു വെക്കുന്നതിനു മുൻകൂർ നോട്ടിസ് നൽകേണ്ടതില്ല.

10.5 പൊതുജനാരോഗ്യം മുൻ നിർത്തി ലൈസൻസ് തടഞ്ഞു വെക്കുന്നതിനുള്ള അധികാരം ലൈസൻസ് നൽകുന്ന ഉദ്യഗസ്ഥനിൽ നിക്ഷിപ്തമാണ്.

10.6 സർട്ടിഫിക്കറ്റ് ഓഫ് വെൻഡിംഗ് താല്കാലികമായി (ഏഴു ദിവസത്തിൽ കൂടുതൽ ദിവസത്തേക്ക്)റദ്ദു ചെയ്യുകയാണെങ്കിൽ മുൻകൂർ നോട്ടീസ് നൽകേണ്ടതാണ്.

10.7 വെൻഡിംഗ് സർട്ടിഫിക്കറ്റ് ഇല്ലാതെ കച്ചവടം നടത്തുന്നതിനായി ശ്രദ്ധിക്കപ്പെട്ടാൽ ഒഴിപ്പിക്കുന്നതിനു മുൻപായി നോട്ടിസ്നൽകേണ്ടതില്ല

10.8 നഗരസഭ നൽകുന്ന ഇത്തരം നോട്ടീസുകളിൽസമയ പരിധി7 ദിവസം വരെ ആയിരിക്കും.

10.9 നഗരസഭ നോട്ടീസിൽ നിർദ്ദേശിച്ച സമയ പരിധിക്കകം വഴിയോര കച്ചവടക്കാർ കച്ചവടസ്ഥലം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത പക്ഷം നഗരസഭ ഉദ്യോഗസ്ഥർക്ക് ഇവരെ പ്രസ്തുത സ്ഥലത്തുനിന്നും ഒഴിപ്പിക്കാവുന്നതാണ്. ആവശ്യമെങ്കിൽ പോലീസ്സഹായം തേടാവുന്നതാണ്.

1010 താത്കാലികമായി തടഞ്ഞു വെക്കുമ്പോൾ കച്ചവടം നടത്തുന്നതിനുള്ള അനുമതി ഉണ്ടായിരിക്കുന്നതല്ല

**11. വെൻഡിംഗ് സർട്ടിഫിക്കറ്റ് / ലൈസൻസ് നൽകുന്നതിനുള്ള മുൻഗണന ക്രമങ്ങൾ**

11.1 നഗരസഭ നടത്തിയവഴിയോര കച്ചവട സർവേയിൽ ഉൾപ്പെട്ടവരായിരിക്കണം

11.2 വഴിയോര കച്ചവടം മാത്രം ഉപജീവന മാർഗ്ഗംആയിട്ടുള്ളവരും സ്വന്തമായി കച്ചവടം നടത്തുന്നതുമായിരിക്കണം.

11.3 വഴിയോര കച്ചവട മേഖലയിൽ സ്ഥിര പരിമിതി ഉള്ള പക്ഷം അംഗ പരിമിതർ, എസ് സി , എസ് ടി, ഒ ബി സി , സ്ത്രീകൾ, അംഗ പരിമിതർ, ട്രാൻസ് ജൻഡർ, ന്യൂനപക്ഷ വിഭാഗം, പ്രസ്തുത വാർഡ് പ്രദേശത്തെ സ്ഥിര താമസക്കാർ എന്നിവർക്ക് മുൻഗണന നൽകണം.

11.4 പ്രത്യേക പരിഗണന അർഹിക്കുന്നവരെ കണ്ടെത്തി തിരിച്ചറിയൽ കാർഡ് നൽകുന്നത് വെൻഡിംഗ് കമ്മിറ്റി/ നഗരസഭ തീരുമാന പ്രകാരം ആയിരിക്കണം.

11.5 പ്രത്യേക ഉൽപന്നങ്ങളുടെ നിർമാണം/ വിപണനംഎന്നിവ ഉപജീവന മാർഗ്ഗമായി തെരഞ്ഞെടുത്തിട്ടുള്ള വ്യക്തികൾക്ക് ഇത്തരം കച്ചവടങ്ങൾ/സേവനങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി മുൻഗണന നൽകേണ്ടതാണ്.

11.6 വിനോദ സഞ്ചാര മേഖല/ആരാധനാലയങ്ങൾ എന്നിവ സന്ദർശിക്കുന്നവർക്ക് ആവശ്യമായ സേവനങ്ങൾ നൽകി വരുന്ന കച്ചവടക്കാർ.

**12. വഴിയോര കച്ചവടക്കാരെ തരം തിരിച്ചിരിക്കുന്ന വിധം** വഴിയോര കച്ചവടക്കാർക്ക് വെൻഡിംഗ് സർട്ടിഫിക്കറ്റ് /ലൈസൻസ് അനുവദിക്കുന്നതിലേക്കായി വഴിയോര കച്ചവടക്കാരെ താഴെ പറയും വിധം തരംതിരിച്ചിരിക്കുന്നു.

**12.1 സ്റ്റേഷനറി/ സ്ഥിര കച്ചവടക്കാർ:** ഒരു പ്രത്യേക സ്ഥലത്തു സാധനങ്ങൾ/ സേവങ്ങൾ എന്നിവ ഉയർത്തിക്കെട്ടിയ പ്ലാറ്റ്ഫോമിലോ, തറയിലോ വെച്ച് കച്ചവടം നടത്തി ഉപജീവന മാർഗ്ഗം കണ്ടെത്തുന്ന കച്ചവടക്കാർ.

12.2 **സഞ്ചരിച്ച്കച്ചവടം നടത്തുന്നവർ/ മൊബൈൽ വേണ്ടേഴ്സ്:** തലച്ചുമടായോ, കയ്യിലെടുത്തോ, നടന്നോ അല്ലെങ്കിൽ ഉന്തു വണ്ടി ഉപയോഗിച്ചോ സാധനങ്ങൾ /സേവങ്ങൾ വിപണനം നടത്തി ഉപജീവനം കണ്ടെത്തുന്ന വ്യക്തികൾ.

**12.3 മൊബൈൽവെണ്ടേഴ്സ് (മോട്ടോർ വാഹനം):** മോട്ടോർ വാഹന നിയമം, 1988 പ്രകാരം ലൈസൻസ് ലഭ്യമായ വാഹനത്തിൽ സാധനങ്ങൾ/ സേവനങ്ങൾ വിപണനം നടത്തി ഉപജീവന മാർഗ്ഗം കണ്ടെത്തുന്ന വ്യക്തികൾ.

**12.4 മറ്റു വിഭാഗത്തിൽപ്പെടുന്ന കച്ചവടക്കാർ:** ആഴ്ചചന്തകൾ, പൈതൃക വിപണന കേന്ദ്രങ്ങൾ, ഉത്സവ ചന്തകൾ, രാത്രി മാത്രം നടത്തുന്ന ചന്തകൾ, എന്നിവിടങ്ങളിൽ കച്ചവടം നടത്തി ഉപജീവന മാർഗ്ഗം കണ്ടെത്തുന്നവർ.

**13. വെൻഡിംഗ് ഫീസ് :**

13.1 ഓരോ വിഭാഗം വഴിയോര കച്ചവടക്കാർക്കുള്ള വെൻഡിംഗ് ഫീസ്നഗരസഭ കൗൺസിൽവെൻഡിംഗ് കമ്മിറ്റിയുമായി ചേർന്ന്തീരുമാനിക്കുന്നതായിരിക്കും. തർക്കമുണ്ടാകുന്ന പക്ഷം കൗൺസിൽ തീരുമാനം അന്തിമമായിരിക്കും.

13.1.2വിനോദ സഞ്ചാര മേഖലകൾ, പൈതൃക സ്ഥലങ്ങൾ, മറ്റു വാണിജ്യ പ്രാധാന്യം കൂടിയ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നഗരസഭ കൗൺസിലിന്റെ അംഗീകാരത്തോടെ കൂടിയ നിരക്കുകൾ ഈടാക്കാൻ നഗരസഭക്ക് അധികാരമുണ്ടായിരിക്കും.

13.13 വിവിധ സോണിലെവിവിധ തരം തെരുവ് കച്ചവടങ്ങൾക്കു തെരുവ് കച്ചവട മേഖലകളുടെ പ്രാധാന്യമനുസരിച്ചു നിജപ്പെടുത്തിയ ഫീസ് ഘടനയുടെ പട്ടികചുവടെ ചേർക്കുന്നു. (കേരള തെരുവുകച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) സ്കീം 2019 സെക്ഷൻ 12(1), (2).

| ക്രമ | കച്ചവടത്തിനായി | കച്ചവടത്തിൻറെ തരം | വെൻഡിംഗ് ഫീസ് (രൂപ പ്രതി വർഷം) |
|---|---|---|---|
| | | | |

| നമ്പർ | ഉപയോഗിക്കുന്ന ഏരിയ | | പ്രൈമറി സോൺ | സെക്കണ്ടറി സോൺ | ടെർഷ്യറി സോൺ |
|---|---|---|---|---|---|
| 1 | സ്റ്റേഷനറി/ സ്ഥിര കച്ചവടക്കാർ (മുഴുവൻ സമയം 8 മണിക്കൂറിൽ അധികം) | 10 സ്ക്വയർ ഫീറ്റ് വരെ | 3000 രൂപ / വർഷം | 1500 | 750 |
| | | 10 സ്ക്വയർ ഫീറ്റ് മുതൽ 25 സ്ക്വയർ ഫീറ്റ് വരെ | 6000 | 3000 | 1500 |
| | | 25 സ്ക്വയർ ഫീറ്റിനു മുകളിൽ | 12000 | 6000 | 3000 |
| 2 | സ്റ്റേഷനറി/ കച്ചവടക്കാർ (പാർട്ട് ടൈം / ടൈം ഷെയറിങ് ) 5 8 മണിക്കൂറിനുള്ളിൽ | 10 സ്ക്വയർ ഫീറ്റ് വരെ | 1500 | 750 | 375 |
| | | 10 സ്ക്വയർ ഫീറ്റ് മുതൽ25 സ്ക്വയർ ഫീറ്റ് വരെ | 3000 | 1500 | 750 |
| | | 25 സ്ക്വയർ ഫീറ്റിനു മുകളിൽ | 6000 | 3000 | 1500 |
| 3 | സ്റ്റേഷനറി/ കച്ചവടക്കാർ (പാർട്ട് ടൈം / ടൈം ഷെയറിങ് ) 5 മണിക്കൂറിൽ കുറവ് സമയം | 10 സ്ക്വയർ ഫീറ്റ് വരെ | 3000 | 1500 | 750 |
| | | 10 സ്ക്വയർ ഫീറ്റ് മുതൽ 25 സ്ക്വയർ ഫീറ്റ് വരെ | 6000 | 3000 | 1500 |
| | | 25 സ്ക്വയർ ഫീറ്റിനു മുകളിൽ | 12000 | 6000 | 3000 |
| 4 | മൊബൈൽ വെണ്ടേഴ്സ് തലച്ചുമടായോ, കയ്യിലെടുത്തോ, നടന്നോ) | 10 സ്ക്വയർ ഫീറ്റ് വരെ | 1500 | 750 | 375 |
| | | 10 സ്ക്വയർ ഫീറ്റ് മുതൽ 25 സ്ക്വയർ ഫീറ്റ് വരെ | 3000 | 1500 | 750 |
| | | 25 സ്ക്വയർ ഫീറ്റിനു മുകളിൽ | 6000 | 3000 | 1500 |
| 5 | ഉത്സവ ചന്തകൾ/ സീസണൽ കച്ചവടങ്ങൾ | 3 ദിവസം വരെ | 3,000 രൂപ / സീസൺ | 1500 | 750 |
| | | 7 ദിവസം വരെ | 6000 | 3000 | 1500 |
| | | 14 ദിവസം വരെ | 12000 | 6000 | 3000 |
| | | 30 ദിവസം വരെ | 24000 | 12000 | 6000 |

13.2 നഗരസഭ കൗൺസിൽ വെൻഡിംഗ് കമ്മിറ്റിഅംഗീകാരത്തോടെ കച്ചവട മേഖലയുടെ പ്രാധാന്യമനുസരിച്ച് വഴിയോര കച്ചവട മേഖലകളെ പ്രൈമറി, സെക്കന്ററി, ടെർഷ്യറി എന്നിങ്ങനെ മൂന്നായി തരംതിരിക്കുന്നതാണ്. ***ഉത്പന്നങ്ങളുടെ വിപണന സാധ്യത, സൗകര്യങ്ങൾ എന്നിവ കണക്കിലെടുത്തു കൊണ്ട് ഇത്തരം മേഖലകളിൽ കച്ചവടം നടത്തുന്നവരിൽ നിന്നും പട്ടിക പ്രകാരമുള്ള വെൻഡിംഗ് ഫീസ് ഈടാക്കുന്നതാണ്.***

13.3 സർക്കാർ പുറപ്പെടുവിക്കുന്ന എല്ലാ നിർദ്ദേശങ്ങളും അനുസരിച്ച് വെൻഡിംഗ് ഫീസ് വർഷത്തിൽ ഒരിക്കൽനഗര തെരുവ് കച്ചവട സമിതിയുടെ അംഗീകാരത്തോടെ പുതുക്കുന്നതും ആയതു സംബന്ധിച്ച വിവരങ്ങൾ കാര്യകാരണ സഹിതം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതായിരിക്കും.

**14. വെൻഡിംഗ് സർട്ടിഫിക്കറ്റിന്റെ കാലാവധി**

14.1 വെൻഡിംഗ് സർട്ടിഫിക്കറ്റ് അനുവദിച്ചിരിക്കുന്ന തിയ്യതി മുതൽ3വർഷംഅല്ലെങ്കിൽമൂന്നാമത്തെ വർഷംമാർച്ച് 31 വരെയോഏതാണോ ആദ്യം വരുന്നത് അതായിരിക്കും വെൻഡിംഗ് സർട്ടിഫിക്കറ്റിന്റെ കാലാവധി.

**15.വഴിയോര കച്ചവടക്കാരെ ഒരുസ്ഥലത്തുനിന്നും മറ്റൊരിടത്തേക്ക് മാറ്റുന്നത് സംബന്ധിച്ച്**

15.1 ടൗൺ വെൻഡിംഗ് കമ്മിറ്റിയുടെ അനുമതിയോടെ ആവശ്യമാകുന്നു പക്ഷം വഴിയോര കച്ചവടക്കാരെ ഒരുസ്ഥലത്തുനിന്നും മറ്റൊരിടത്തേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

15.2 ഇങ്ങനെ വഴിയോര കച്ചവടക്കാരെ മാറ്റുന്ന സമയത്തു കച്ചവടക്കാരനോ /ഒരു കൂട്ടം കച്ചവടക്കാരോ എതിർക്കുന്ന പക്ഷം അവരുടെ വെൻഡിംഗ് സർട്ടിഫിക്കറ്റ് ക്യാൻസൽ ചെയ്യുന്നതും ടൗൺ വെൻഡിംഗ് കമ്മിറ്റി തീരുമാന പ്രകാരം കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതും പുതുക്കിയ വെൻഡിംഗ് സർട്ടിഫിക്കറ് അനുവദിക്കുന്നതും ആയിരിക്കും.

15.3 ഏതു കച്ചവട മേഖലയിലും കച്ചവടം ചെയ്യുന്ന തെരുവ് കച്ചവടക്കാരെ പുനർ വിന്യസിക്കുന്നതിനു നഗരസഭക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ് . ഇത്തരം നടപടികൾ സ്വീകരിക്കുന്നതിന് മുൻപായിനഗര തെരുവ് കച്ചവട സമിതിയുടെ അംഗീകാരത്തോടെ കുറഞ്ഞത് 15 ദിവസം മുൻപ് ബന്ധപ്പെട്ട കക്ഷിക്ക് നഗരസഭാ നോട്ടീസ് നൽകേണ്ടതാണ്.

**16.വഴിയോര കച്ചവടക്കാരെ ഒഴിപ്പിക്കുക**/ സാധനങ്ങൾ കൈയ്യൊഴിയുന്നതിനുള്ള വ്യവസ്ഥ/രീതി

16.1 വെൻഡിംഗ് സർട്ടിഫിക്കറ്റ് ഇല്ലാതെ കച്ചവടം നടത്തുക,ലൈസെൻസ് നിബന്ധനകൾ ലംഘിക്കുക നിരോധിത കച്ചവട മേഖലയിൽ കച്ചവടം നടത്തുക എന്നിവ ശ്രദ്ധയിൽപ്പെടുന്ന പക്ഷം വഴിയോര കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിനും സാധനങ്ങൾ കൈയൊഴിയുന്നതിനും നഗരസഭയ്ക്ക് അധികാരമുണ്ട്.

16.2 ഇത്തരത്തിൽ കച്ചവടം ഒഴിപ്പിക്കുകയോ സാധനങ്ങൾ കൈയ്യൊഴിയുകയോ ചെയ്യുമ്പോൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ടി സമയത്ത് ലഭ്യമായ സാധനങ്ങളുടെ ലിസ്റ്റ് എണ്ണം, തരം എന്നിവ തയ്യാറാക്കി തിട്ടപ്പെടുത്തി ഉടമസ്ഥനായ സ്ട്രീറ്റ് വെൻഡറെ/അനധികൃത കച്ചവടക്കാരനെ കൊണ്ട് ഒപ്പ് വെയ്പ്പിക്കേണ്ടതാണ. വഴിയോര കച്ചവടക്കാർ ഒപ്പ് വെയ്ക്കാൻ വിസമ്മതിക്കുന്ന പക്ഷം നഗരസഭ ഹെൽത്ത് ഓഫീസർ/ ഹെൽത്ത് സൂപ്പർ വൈസർ/ ഹെൽത്ത് ഇൻസ്പെക്ടർ ടി ഇൻവെന്ററി അറ്റസ്റ്റ് ചെയ്ത് സാധനങ്ങൾ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്.

16.3 സാധനങ്ങൾ / ഉത്പന്നങ്ങൾ കൈയ്യൊഴിഞ്ഞ വഴിയോര കച്ചവടക്കാർ പ്രസ്തുത സാധനങ്ങൾ തിരികെ ലഭിക്കാൻ നഗരസഭ മുൻപാകെ അപേക്ഷ നൽകേണ്ടതാണ്. വേഗത്തിൽ കേടായി പോകുന്ന പച്ചക്കറി/ പഴങ്ങൾ പോലുള്ള സാധനങ്ങൾ തിരികെ ലഭിക്കാൻ സാധനങ്ങൾ കൈയ്യൊഴിഞ്ഞ് 24 മണിക്കൂറിനകവും അല്ലാത്തവയ്ക്കായി 7 ദിവസത്തിനകവും അപേക്ഷിക്കേണ്ടതാണ്.

16.4 അപേക്ഷ നൽകാത്ത പക്ഷം പൊതുലേലത്തിലൂടെസാധനങ്ങൾക്ക് ലഭിക്കുന്ന തുകയിൽ നിന്നും ലേലം നടത്തുന്നതിനുംസാധനങ്ങൾ കണ്ടു കെട്ടുന്നതിനും മറ്റുമായി ചെലവായ തുക, വഴിയോര കച്ചവടക്കാർ ഒടുക്കേണ്ട പിഴ എന്നിവ കിഴിച്ചതിനുശേഷം ബാക്കി തുക പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നതും അപേക്ഷാനുസരണം വഴിയോര കച്ചവടക്കാർക്ക് അനുവദിക്കുന്നതുമായിരിക്കും.

16.5 വഴിയോര കച്ചവടക്കാരനോ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോ ലേലത്തിൽ ബാക്കി വന്ന തുക 3 മാസത്തിനകം അപേക്ഷനൽകി വാങ്ങാത്തപക്ഷം തുക നഗരസഭയുടെ ജനറൽ അക്കൗണ്ടിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതായിരിക്കും.

**17. വെൻഡിംഗ് സോണിലെ മാലിന്യ പരിപാലനവും/ ശുചിത്വവും**

17.1 ഓരോ കച്ചവടക്കാരനും മാലിന്യങ്ങൾ തരം തിരിച്ച് സൂക്ഷിക്കേണ്ടതും നഗരസഭ മാലിന്യ പരിപാലനത്തിനായി ഏർപ്പെടുത്തിയ സംവിധാനത്തിൽ എത്തിക്കേ ണ്ടതുമാണ്.ആയതിനു ആവശ്യമായി വരുന്ന ചെലവ് അതാത് കച്ചവടക്കാർ തന്നെ വഹിക്കേണ്ടതാണ്

17.2 ആഹാര വസ്തുക്കൾ കച്ചവടം ചെയ്യുന്നവർ കൃത്യമായി ഇടവേളകളിൽ നഗരസഭ നിർദ്ദേശിക്കുന്ന ആരോഗ്യ പരിശോധന നടത്തേണ്ടതും ആരോഗ്യ കാർഡ് പുതുക്കേണ്ടതുമാണ്

17.3വ്യക്തി ശുചിത്വം, ശുദ്ധമായ വെള്ളം, പരിസര ശുചിത്വം എന്നിവ ഓരോ വഴിയോര കച്ചവടക്കാരും പരിപാലിച്ചിരിക്കേണ്ടതാണ്

17.4മായം കലരാത്ത ഗുണമേന്മയുള്ള ഉത്പന്നങ്ങൾ വില്പന നടത്തേണ്ടതാണ്.

**18. വെണ്ടിംഗ് സോൺ(തെരുവ് കച്ചവട മേഖല)**

തെരുവ് കച്ചവട മേഖല / വെൻഡിങ് സോൺ നിശ്ചയിക്കുന്നതിനുള്ള അധികാരം നഗരസഭാ കൗൺസിലിൽ നിക്ഷിപ്തമായിരിക്കും. ഏതെങ്കിലും ഒരു സാഹചര്യത്തിൽ തെരുവ് കച്ചവട മേഖല നിശ്ചയിക്കുന്നത് സംബന്ധിച്ച് തർക്കം ഉണ്ടാകുന്ന പക്ഷം ടി വിഷയം ടൌൺ വെൻഡിങ് കമ്മറ്റിയുടെ ശുപാർശ പ്രകാരം കൗണ്സിലിന്റെ പരിഗണനക്കായി സമർപ്പിക്കാവുന്നതാണ്. ടി വിഷയത്തിൽ നഗരസഭ കൗൺസിലിന്റെ തീരുമാനം അന്തിമമായിരിക്കും.

**18.1 സ്വതന്ത്ര കച്ചവട മേഖല**

18.1.1 നഗരസഭാ പരിധിയിൽ തെരുവ് കച്ചവടം അനുവദിച്ച് ഉൾപ്പെടുത്തിയ എല്ലാ മേഖലകളും സ്വതന്ത്ര മേഖല ആയി നിശ്ചയിച്ചിരിക്കുന്നു

18.1.2 നഗരതല വെൻഡിംഗ് കമ്മിറ്റിയുടെയും കൗൺസിലിന്റെയും തീരുമാനത്തിന് വിധേയമായി റോഡിന്റെ വീതി,റോഡിന്റെ പ്രാധാന്യം, തരം, സ്ഥലത്തിന്റെ പ്രാധാന്യം ഫുഡ് പാത്തിലെ തിരക്ക്, വാഹന ഗതാഗത തിരക്ക് എന്നിവ അടിസ്ഥാനമാക്കി പ്രത്യേക കച്ചവട മേഖലകൾ കണ്ടെത്തേണ്ടതാണ്. ഈ സ്ഥലത്ത് നഗരസഭ നിശ്ചയിക്കുന്ന ഏരിയയിൽ(വിസ്തീർണ്ണം, നിയമാവലിയുടെ ഖണ്ഡിക 12.1 വിധേയമായി) തെരഞ്ഞെടുക്കപ്പെടുന്ന ഓരോ തെരുവ് കച്ചവടക്കാർക്കും കച്ചവടത്തിനായി അനുവാദം നൽകുന്നതാണ്.

18.1.3 ഒരു പ്രത്യേക മേഖലയിൽവഴിയോര കച്ചവടത്തിന് അനുവദിക്കാവുന്ന കച്ചവടക്കാരുടെ എണ്ണം ആ പ്രദേശത്ത് അനുവദിച്ചിരിക്കുന്നവരുടെ എണ്ണത്തിൽകൂടുതലാവാൻ പാടുള്ളതല്ല. സഞ്ചരിച്ചു/ വാഹനത്തിൽകച്ചവടം ചെയ്യുന്ന മൊബൈൽവെണ്ടേഴ്സിന്റെ എണ്ണം തൊരുവുകച്ചവട സമിതി അംഗീകരിച്ചതിൽനിന്നും അധികരിക്കാൻ പാടുള്ളതല്ല. ആയത് നിയന്ത്രിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽവെൻഡിംഗ് സ്ഥലം നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർമാർപരിശോധിക്കേണ്ടതും നിയമാനുസൃതമാണെന്ന് ഉറപ്പാക്കേണ്ടതുമാണ്.

**18.2നിയന്ത്രിത കച്ചവട മേഖല**

18.2.1 നിരോധിത മേഖലയിൽ ഉൾപെടാത്തതും എന്നാൽ വളരെയേറെ തിരക്ക് അനുഭവപ്പെടുന്നതുമായ പട്ടികയിൽ ഉൾപ്പെടുത്തിയ മേഖലകൾ നിയന്ത്രിത മേഖല ആയിരിക്കും.

18.2.2 ചില നിയന്ത്രണങ്ങളോടെ നിശ്ചിത സമയത്തും സ്ഥലത്തും തെരുവ് കച്ചവടം നടത്തുന്നതിന് അനുമതി നൽകുന്ന പ്രദേശം. നിയന്ത്രിത കച്ചവട മേഖല സംബന്ധിച്ച തീരുമാനം റോഡിന്റെവീതി, തിരക്ക്,സ്ഥലത്തിന്റെ പ്രാധാന്യം എന്നീ കാര്യങ്ങൾക്ക് വിധേയമായി തെരുവ് കച്ചവട സമിതി/ കൗൺസിൽഅംഗീകാരത്തിന് വിധേയമായി കൈക്കൊള്ളുന്നതാണ്.

18.2.3 വഴിയോര കച്ചവടങ്ങൾ യാതൊരു കാരണവശാലും വീതി കുറഞ്ഞ (3.5മീറ്ററോ അതിൽ കുറവോ, വീതി കുറഞ്ഞ രണ്ടു ഭാഗത്തേക്കും വാഹന ഗതാഗതമുള്ള റോഡുകളിൽ) അനുവദിക്കാൻ പാടില്ല. നോ വഹിക്കുലാർ റോഡ് (മീ ിവശരൗഹമ്യ ്വീില)എന്ന് പ്രഖ്യാപിക്കുന്ന പക്ഷം ഇത്തരം റോഡുകളിൽമേൽപറഞ്ഞ രീതിയിലുള്ള കച്ചവടം അനുവദിക്കാവുന്നതാണ്.

18.2.4 വീതി കുറഞ്ഞ റോഡ് അരികുകളിൽ(വീതി 3.6 മീറ്റർ മുതൽ 9 മീറ്റർ വരെ) വഴിയോര കച്ചവടം അനുവദിക്കുന്നതല്ല. എന്നാൽഇത്തരം റോഡുകൾ ഒരു ഭാഗത്തേക്കു മാത്രമായുള്ള വാഹന ഗതാഗതത്തിനായി പ്രഖ്യാപിക്കുന്ന പക്ഷം വഴിയോര കച്ചവടം നടത്തുന്നതിന് അനുമതി നൽകാവുന്നതാണ്.

18.2.5 റോഡിന്റെ വീതി കൂടിയതും വീതി 9 മീറ്റർമുതൽ 24 മീറ്റർവരെവീതിവരുന്നതുമായ മേഖലകളിൽറോഡിന്റെ ഒരു ഭാഗം മാത്രം വഴിയോര കച്ചവടം അനുവദിക്കാവുന്നതാണ്. വീതി കൂടിയതും 24 മീറ്ററിലധികംവീതിവരുന്നതുമായ റോഡിന്റെ ഇരു വശങ്ങളിലും പ്രത്യേക മേഖലയിൽഉൾക്കൊള്ളാവുന്ന വഴിയോര കച്ചവടക്കാരുടെ എണ്ണത്തിന് ആനുപാതികമായി സ്ഥിരമായി ഒരു സ്ഥലത്ത് നടത്തിവരുന്ന തരത്തിലുള്ള തെരുവ് കച്ചവടങ്ങൾ അനുവദിക്കാവുന്നതാണ്. ഇത്തരം മേഖലകളിൽനടന്നോ, വാഹനത്തിലോ ഉള്ള കച്ചവടങ്ങൾ കാൽനട യാത്രക്കാർക്കും, വാഹന ഗതാഗതത്തിനും തടസ്സമാവില്ല എന്നുള്ള ട്രാഫിക് പോലിസിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽഅനുവദിക്കാവുന്നതാണ്.

18.2.6 തെരുവു കച്ചവടം അനുവദിച്ചിരിക്കുന്ന ഇത്തരം മേഖലകളിൽവാഹന പാർക്കിംഗ് അനുവദിക്കുന്നതല്ല.

**18.3 നിരോധിത കച്ചവട മേഖല**

18.3.1 മാനാഞ്ചിറ മൈതാനവും ഉദ്യാനത്തിനോട് ചേർന്ന് ചുറ്റി കിടക്കുന്ന റോഡുകളും പരിസരവും, കോടതി പരിസരം, സിവിൽ സ്റ്റേഷൻ , ബസ് സ്റ്റാണ്ടുകൾക്കുള്ളിൽ ബസ് പാർക്ക് ചെയ്യുന്നതിന് 20 മീറ്ററിനുള്ളിൽ, പ്രധാന സർക്കാർ / സ്വകാര്യ ആശുപത്രിയുടെ കവാടത്തിൽ നിന്നും 50 മീറ്റർ, മെഡിക്കൽ കോളേജിന്റെ എല്ലാ കവാടത്തിൽ നിന്നും 50 മീറ്റർ, റെയിൽവേ സ്റ്റേഷന്റെഎല്ലാ കവാടത്തിൽ നിന്നും 50 മീറ്റർ, എല്ലാ പ്രധാന ജംഗ്ഷനുകളുടെയും /ട്രാഫിക്ക് സിഗ്നലുകളുടെ അമ്പതു മീറ്റർ, സ്കൂൾ, കോളേജ് കവാടത്തിൽ നിന്നും 50 മീറ്ററിനുള്ളിൽ ഉൾപ്പെടുന്ന മേഖലകൾ എന്നിവ നിരോധിതമേഖലകൾ ആയിരിക്കും

18.3.2 വഴിയോര കച്ചവടം വീതി കുറഞ്ഞ (3.5 മീറ്റർ)ഇരു ഭാഗത്തേക്കും വാഹന ഗതാഗതമുള്ള റോഡുകളിൽഒരു കാരണവശാലും റോഡു സൈഡുകളിൽഅനുവദിക്കുന്നതല്ല. എന്നാൽമീ ിവശരൗഹമ്യ ്വീിഋഎന്ന് പ്രഖ്യാപിക്കുന്ന പക്ഷം ഇത്തരം റോഡുകളിൽമേൽപറഞ്ഞ രീതിയിലുള്ള കച്ചവടം അനുവദിക്കാവുന്നതാണ്.

18.3.3 പ്രധാനപ്പെട്ട സർക്കാർ സ്ഥാപനങ്ങളായ, കലക്ട്രേറ്റ്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പൽകോർപ്പറേഷൻ, ഫയർസ്റ്റേഷൻ, ഹോസ്പിറ്റൽസ്, സ്കൂളുകൾ എന്നിവയുടെ പ്രധാന കവാടങ്ങളിൽനിന്നും 50 മീറ്റർദൂരം വരെ ഉള്ള സ്ഥലങ്ങൾനിരോധിത കച്ചവട മേഖലയാകുന്നു.

18.3.4 റെയിൽവേസ്റ്റേഷനുകളിൽപ്രധാന കവാടങ്ങളിൽനിന്നും 50 മീറ്റർ അകലത്തിൽകച്ചവടം ആവാം. 50മീറ്റർ അകലത്തിൽ റെയിൽവേ ക്രോസിങ്ങിന്റെ ഇരു ഭാഗങ്ങളിലും (നഗരസഭാ പരിധിയിൽ) വഴിയോര കച്ചവടം ആവാം. ബസ് സ്റ്റാന്റുകളിൽപ്രധാന കവാടങ്ങളിൽനിന്നും 30 മീറ്റർ അകലത്തിൽ കച്ചവടം ആവാം.

18.3.5 പുരാവസ്തു പട്ടികയിലുൾപ്പെട്ട കെട്ടിടങ്ങൾ, സ്മാരകങ്ങൾ, ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽവഴിയോരകച്ചവടം അനുവദിക്കുന്നതല്ല. പൈതൃകകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള മേഖലകളിലും വഴിയോര കച്ചവടം നിരോധിക്കുന്നതാണ്.

18.3.6 വീതി കുറഞ്ഞ രണ്ടോ അതിലധികമോ ചെറു റോഡുകൾ ഒത്തു ചേരുന്ന ഇടങ്ങളിൽ50 മീറ്റർ പരിധിക്കകം വഴിയോര കച്ചവടം അനുവദിക്കുന്നതല്ല.

18.3.7 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രധാന കവാടത്തിൽനിന്നും 50മീറ്ററിനുള്ളിൽ വഴിയോര കച്ചവടം അനുവദിക്കുന്നതല്ല.

18.3.8 രാജ്യ/ സംസ്ഥാന സുരക്ഷാർത്ഥം നിരോധിത മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽസുരക്ഷാ കാരണങ്ങൾമുൻനിർത്തി വഴിയോര കച്ചവടം അനുവദിക്കുന്നതല്ല.

18.3.9 തദ്ദേശ ഭരണ സ്ഥാപനം/ ടൗൺ വെൻഡിംഗ് കമ്മിറ്റിയുടെ തിരുമാനം എന്നിവ പ്രകാരം പ്രത്യേക കച്ചവട മേഖലയായി പ്രഖ്യാപിക്കാത്ത എല്ലാകച്ചവട മേഖലകളും നിരോധിത കച്ചവട മേഖലയാണ്. വഴിയോര കച്ചവട മേഖലയിൽസ്വാഭാവികമായി രൂപപ്പെട്ടുവന്ന നിലവിലുള്ള ചന്ത/ അങ്ങാടി/കച്ചവടകേന്ദ്രങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽആയത് പ്രത്യേക കച്ചവടമേഖലയായിനിലനിർത്തേണ്ടതാണ്.

18.3.10 വീതി കുറഞ്ഞ (3.5മീറ്ററോ അതിൽ കുറവോ) ഇരു ഭാഗത്തേക്കും വാഹന ഗതാഗതമുള്ള റോഡുകളിൽഉത്സവച്ചന്തകൾ, സൺഡേ മാർക്കറ്റുകൾ, ആഴ്ച ചന്തകൾ എന്നിവക്ക് പ്രത്യേക നിരക്കിൽ ഫീസ് ഈടാക്കി അനുമതിനൽകുന്നതിനുള്ള അധികാരം നഗരസഭക്ക് ഉണ്ടായിരിക്കും

**19. തെരുവ് കച്ചവട മേഖലകൾ** (കച്ചവടത്തിൽ സാദ്ധ്യതകൾ പരിഗണിച്ചു നിർണയം ചെയ്യുന്ന)

**19.1 പ്രൈമറി സോൺ**

മാനാഞ്ചിറ /റെയിൽവേ സ്റ്റേഷൻ /പുതിയ ബസ് സ്റ്റാൻഡ് എന്നിവക്ക് 4 കിലോമീറ്റർ ചുറ്റളവിലുള്ള മുഴുവൻ പ്രദേശങ്ങളും നഗരസഭാ പരിധിയിലെ എല്ലാ ദേശീയ പാത/സംസ്ഥാന പാത എന്നിവയുടെ ഓരങ്ങൾ, ദേശീയ /സംസ്ഥാന പാത ബൈപാസ് റോഡുകൾ, എല്ലാ പ്രധാന ജംഗ്ഷനുകളുടെയും / ട്രാഫിക്ക് സിഗ്നലുകളുടെ 300 മീറ്ററിനുള്ളിൽ ഉൾപ്പെടുന്ന മേഖലകൾ ടൂറിസ്റ്റ് സ്പോട്ടുകൾ എന്നിവ പ്രൈമറി സോണിൽ ഉൾപ്പെടുന്നു.

**19.2 സെക്കണ്ടറി സോൺ**

മാനാഞ്ചിറ /റെയിൽവേ സ്റ്റേഷൻ / പുതിയ ബസ്സ്റ്റാൻഡ് എന്നിവക്ക് 4 കിലോമീറ്റർ ചുറ്റളവിൽ 4 മീറ്ററോ അതിൽ കുറവ് വീതിയോ ഉള്ള ഇട റോഡുകളുടെ ഓരങ്ങളിൽ കച്ചവടം ചെയ്യുന്നവ സെക്കണ്ടറി സോണിൽ ഉൾപ്പെടുന്നുമാനാഞ്ചിറ/ റെയിൽവേ സ്റ്റേഷൻ /പുതിയ ബസ് സ്റ്റാൻഡിനു 4 കിലോമീറ്റർ ചുറ്റളവിനു പുറത്തു സംസ്ഥാന ദേശീയ/ സംസ്ഥാന പാതകൾ അല്ലാത്ത നാലു മീറ്ററിന് മുകളിൽ വീതിയുള്ള പാതകളുടെ ഓരങ്ങൾ സെക്കണ്ടറി സോണിൽ ഉൾപ്പെടുന്നു.

**19. 3 ടെർഷ്യറി സോൺ**

മാനാഞ്ചിറ/റെയിൽവേ സ്റ്റേഷൻ /പുതിയ ബസ് സ്റ്റാൻഡ് എന്നിവക്ക് 4 കിലോമീറ്റർ ചുറ്റളവിനു പുറത്തു നാലു മീറ്ററോ അതിൽ കുറവ് വീതിയോ ഉള്ള ഇട റോഡുകളുടെ ഓരങ്ങളിൽ കച്ചവടം ടെർഷ്യറി സോണിൽ ഉൾപ്പെടുന്നു

**20. തെരുവു കച്ചവടമാർഗനിർദേശങ്ങൾ**

20.1 വാഹന ഗതാഗതം /കാൽനടയാത്രക്കാർ/സൈക്കിൾ യാത്രികർ എന്നിവക്ക് തടസ്സമാകാത്ത രീതിയിലും സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന രീതിയിലും കച്ചവടം നടത്തേണ്ടതാണ്.

20.2പ്രധാന ഓഫീസുകൾ/ സ്ഥാപനങ്ങൾ, ഫയർസ്റ്റേഷൻ, ആശുപത്രികൾ സ്വകാര്യസ്ഥാപനങ്ങൾ / വീടുകൾ / പൊതു സ്ഥാപനങ്ങൾ എന്നിവയുടെ പ്രധാന കവാടങ്ങൾ, അടിയന്തിര വാതിൽ/ പ്രവേശന മാർഗം തടസപ്പെടുത്തുന്ന രീതിയിൽ കച്ചവട അനുമതി നൽകുന്നതല്ല.

20.3 പൊതു സംവിധാനങ്ങളായ കുടിവെള്ള വിതരണം, അഴുക്കുചാൽ, ടെലിഫോൺ, വൈദ്യുതി പോലുള്ള മറ്റ് സംവിധാനങ്ങൾക്കോ ഉപകരണങ്ങൾക്കോ തടസ്സമോ കേടുപാടുകൾ വരുത്തുകയോ ചെയ്യരുത്.

20.4 കച്ചവടനടത്തിപ്പ്, സൂചന ബോർഡുകൾ, ഡിസ്പ്ലേ സംവിധാനങ്ങൾ, പൊതുമരാമത്തു പണികൾ/ റോഡ് ഫർണിച്ചറുകൾ/അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്ക്വഴിയോര കച്ചവടംയാതൊരു കാരണവശാലും തടസ്സമാകരുത്

20.5 നിരോധിത ഉത്പന്നങ്ങൾ /സേവനങ്ങൾ/ സാധനങ്ങൾ എന്നിവ വിൽക്കരുത്.

20.6 നഗരതല തെരുവു കച്ചവട സമിതി അനുവദിച്ചിരിക്കുന്നതിൽകുടുതൽസ്ഥലം കച്ചവടത്തിനായി ഉപയോഗിക്കരുത്.

20.7 നഗരതല കച്ചവട സമിതി അനുവദിച്ചിരിക്കുന്നസമയക്രമംപാലിക്കേണ്ടതാണ്.

20.8 മാലിന്യങ്ങൾ കൃത്യമായ രീതിയിൽസംസ്കരിക്കേണ്ടതാണ്, വലിച്ചെറിയരുത്.

20.9വെൻഡിംഗ് സർട്ടിഫിക്കറ്റിന്റെ /ലൈസൻസിന്റെകാലാവധിക്കു ശേഷം ഉത്പന്നങ്ങൾ, സാധനങ്ങൾ, സേവനങ്ങൾ എന്നിവയുടെ വിൽപ്പന നടത്തരുത്

20. 10 കച്ചവടമേഖലയിൽകച്ചവടം വർദ്ധിപ്പിക്കുന്നതിനും ഉപഭോക്താളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനുമായി ലൗഡ്സ്പീക്കർ, മെഗാഫോൺ സൗണ്ട് സിസ്റ്റം റിഫ്ളക്ടീവ് ഇമേജ് എന്നിവ ഉപയോഗിക്കരുത്.

20.11 നഗരസഭ വഴിയോര കച്ചവട അനുമതി / ലൈസൻസ് നൽകിയ വ്യക്തിക്കോ അയാളുടെ കുടുംബാംഗങ്ങൾക്കോ അനുവദിച്ചിരിക്കുന്ന സ്ഥലത്തു കച്ചവടം നടത്താവുന്നതാണ്. അല്ലാത്ത പക്ഷം (കുടുംബാംഗമല്ല/ അനുവദിച്ചിരിക്കുന്ന സ്ഥലം അല്ല) കച്ചവടം നടത്തുവാൻ അനുവദിക്കുന്നതല്ല.

20.12 നിരോധിത പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കരുത്

20.13 വഴിയോര കച്ചവടം നടത്താൻ അനുമതി നൽകിയ സ്ഥലത്തു നിർമാണപ്രവർത്തനങ്ങൾ നടത്തരുത്.

**21. വഴിയോര കച്ചവടക്കാരുടെ ചുമതലകൾ**

21.1 ലൈസൻസ് നിബന്ധനകൾ പാലിക്കേണ്ടതാണ്.

21.2 കച്ചവട സ്ഥലം വൃത്തിയായും അപകടകരമല്ലാത്ത രീതിയിലും സൂക്ഷിച്ചിരിക്കേണ്ടതാണ്.

21.3അപകട സാധ്യത കുറയ്ക്കുന്നതിനു നഗരസഭ നിർദ്ദേശിക്കുന്ന എല്ലാ പ്രവർത്തനങ്ങളും യഥാവിധി അനുസരിക്കേണ്ടതാണ്.

21.4ഭക്ഷ്യ സാധനങ്ങൾ കച്ചവടം ചെയ്യുന്ന കച്ചവടക്കാർ 2006 ലെ ഫുഡ് സേഫ്റ്റി സ്റ്റാന്റേർഡ് ആക്റ്റ് പ്രകാരം പ്രവർത്തിക്കേണ്ടതാണ്.

21.5നഗരസഭ/ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന സമയത്ത് വെൻഡിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതും വഴിയോര കച്ചവട നിയമാവലിക്ക് അനുസൃതമായി പ്രവർത്തിക്കേണ്ടതുമാണ്.

21.6കച്ചവട യൂണിറ്റിൽവിലവിവര പട്ടിക/ സർട്ടിഫിക്കറ്റ് / നിബന്ധനകൾ എന്നിവ പ്രദർശിപ്പിക്കണം

**22. വെൻഡിംഗസോൺ പരിപാലനഫീസ്**

22.1 നഗരസഭ പരിധിയിൽവഴിയോര കച്ചവടം നടത്തുന്ന / രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ കച്ചവടക്കാരും സമയാ സമയങ്ങളിൽനഗരതല വെൻഡിംഗ്കമ്മിറ്റി/നഗരസഭ തീരുമാനിക്കുന്ന പരിപാലനഫീസ് അടക്കുവാൻ ബാധ്യസ്ഥരാണ് (കേരള സ്ട്രീറ്റ് വെന്റേഴ്സ് സ്കീം, 2019 പ്രകാരം)

22.2 ലഭ്യമാക്കിയ സൗകര്യങ്ങൾക്കനുസരിച്ച് എല്ലാമാസവും പരിപാലനം/ സംരക്ഷണം അറ്റകുറ്റപണികൾ എന്നിവയ്ക്കായിനഗരസഭ പ്രത്യേക ഫീസ്വഴിയോര കച്ചവടക്കാരിൽനിന്നും ഈടാക്കുന്നതാണ്. പരിപാലന ഫീസ് ഈടാക്കാവുന്ന കച്ചവട കേന്ദ്രങ്ങൾ ഏതൊക്കെ എന്നു നഗര കച്ചവട സമിതി/നഗരസഭ തിരുമാനിക്കുന്നതായിരിക്കും.

22.3 പരിപാലന ഫീസ് ഇനത്തിൽഈടാക്കാവുന്ന തുക മാസം 50 രൂപയിൽകുറയുകയോ 1000/ രൂപയിൽഅധികരിക്കുകയോ ചെയ്യരുത്.

22.4വർഷത്തിൽഒരിക്കൽപരിപാലന ഫീസ് 10% വരെവർദ്ധിപ്പിക്കാവുന്നതും ആയതു നഗര സഭയുടെ നോട്ടീസ് ബോർഡിൽപബ്ലിഷ് ചെയ്യേണ്ടതുമാണ്

22.5ഇത്തരം ചാർജ്ജുകൾ വർഷത്തേയ്ക്ക് മൊത്തമായോ മാസാന്ത്യമോ ഈടാക്കാവുന്നതാണ്. (വർഷത്തേക്ക് മൊത്തമായി ഒരു പ്രാവശ്യം മുൻകൂറായി ഫീസ്/ചാർജ്ജ് അടയ്ക്കുന്ന പക്ഷം ഒരു മാസത്തേയ്ക്കുള്ള ചാർജ്ജ്/ ഫീസ് കുറവ് നൽകാവുന്നതാണ്).

**23. പിഴ**

23.1 വഴിയോര കച്ചവടം നടത്തുന്ന വ്യക്തി/ കുടുംബാംഗങ്ങൾ/ വെൻഡിംഗ് സർട്ടിഫിക്കറ്റ് ഇല്ലാതെയോ, വെൻഡിംഗ് സർട്ടിഫിക്കറ്റിലെ നിബന്ധനകൾക്ക് എതിരായോ, വഴിയോര കച്ചവട നിയമാവലിക്ക് എതിരായോ, വഴിയോര കച്ചവട നിയമം, ചട്ടം, സ്കീം എന്നിവയ്ക്ക് എതിരായോ കച്ചവടം നടത്തുന്നത് ശിക്ഷാ നടപടികൾക്ക് കാരണമാകുന്നതും പിഴ ഈടാക്കുന്നതുമായിരിക്കും.

| ക്രമ നമ്പർ | പിഴ വരുത്തിയ തവണ | പിഴ ഇനത്തിൽഒടുക്കേണ്ട തുക |
|---|---|---|
| 1 | ഒന്നാം തവണ | 500രൂപ |
| 2 | രണ്ടാം തവണ | 1000രൂപ |
| 3 | മൂന്നാം തവണ | 2000.രൂപ |
| 4 | നാലാം തവണ | വെൻഡിംഗ് സർട്ടിഫിക്കറ്റ്, തിരിച്ചറിയൽകാർഡ് എന്നിവ താല്ക്കാലികമായി റദ്ദു ചെയ്യുന്നതുമായിരിക്കും. |
| 5 | അഞ്ചാം തവണ | വെൻഡിംഗ് സർട്ടിഫിക്കറ്റ്, തിരിച്ചറിയൽകാർഡ് എന്നിവ പൂർണ്ണമായും റദ്ദു ചെയ്യുന്നതായിരിക്കും. |

ഓരോ തെരുവ് കച്ചവടക്കാരുടെയും വിവിധ തരം ലംഘനങ്ങൾ പിഴ ഒടുക്കൽ എന്നിവ രേഖപ്പെടുത്തുന്നതിനായി പ്രത്യേക രജിസ്റ്റർ നഗരസഭയിൽസൂക്ഷിക്കേണ്ടതാണ്

24. മറ്റു ഫീസുകൾ

വെൻഡിംഗ് ഫീസ്, പരിപാല ഫീസ്, പിഴ, വാടക എന്നിവയ്ക്ക് പുറമെ വഴിയോര കച്ചവടക്കാരിൽനിന്നും താഴെപറയുന്ന സേവനങ്ങൾക്ക് ഫീസ് ഈടാക്കാവുന്നതാണ്.

| ക്രമ നമ്പർ | സേവനങ്ങൾ | ഫീസ് |
|---|---|---|
| 1 | തിരിച്ചറിയൽകാർഡ് | 100 രൂപ |
| 2 | തിരിച്ചറിയൽകാർഡ് ഡ്യൂപ്ലിക്കേറ്റ് (നഷ്ടപ്പെടുക, കേടാവുക) | 100 രൂപ |
| 3 | തിരിച്ചറിയൽകാർഡ് പുതുക്കൽ( മൂന്ന് വർഷത്തിൽഒരിക്ക ) | 100 രൂപ |
| 4 | വെൻഡിംഗ് സർട്ടിഫിക്കറ്റ്/ ലൈസൻസ് | നിയമാവലിയുടെ 13.1 അനുച്ഛേദ പ്രകാരം വെൻഡിംഗ് സോണുകളുടെ തരവും പ്രത്യേകതയും അനുസരിച്ചു പ്രത്യേക ഫീസ് ഈടാക്കുന്നതായിരിക്കും |
| 5 | വെൻഡിംഗ് സർട്ടിഫിക്കറ്റ്/ ലൈസൻസ് ഡ്യൂപ്ലിക്കേറ്റ് (നഷ്ടപ്പെടുക, കേടാവുക) | 50രൂപ |

25. തെരുവു കച്ചവട മേഖലയിലെ വാഹന/ ഗതാഗത നിയന്ത്രണം

25.1 നഗര തെരുവു കച്ചവട സമിതി/ നഗരസഭ പ്രത്യേകതെരുവു കച്ചവട മേഖലകളിലെ വാഹന ഗതാഗത നിയന്ത്രണം, സ്പീഡ് ലിമിറ്റ്, വൺവേ ട്രാഫിക്, പാർക്കിംഗ്, വലിയ വാഹനങ്ങളുടെ ഗതാഗതം എന്നിവ സംബന്ധിച്ചുള്ള കാര്യങ്ങൾ ട്രാഫിക് പൊലീസ് / പൊലീസ് തീരുമാനിക്കേണ്ടതാണ്.

25.2 ട്രാഫിക് പൊലീസ്/ പൊലീസ് ഒരു മേഖലയെ തെരുവോര കച്ചവട മേഖലയായി പ്രഖ്യാപിക്കാൻ അനുവദിക്കാത്ത പക്ഷം നഗരതല തെരുവോര കച്ചവട സമിതി/ കൗൺസിൽ കച്ചവടമേഖല മാറ്റിസ്ഥാപിക്കുന്നതിനോ/ ഒഴിവാക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

25.3 വെൻഡിംഗ് കമ്മിറ്റി തീരുമാന പ്രകാരം തദ്ദേശഭരണ സ്ഥാപനം വഴിയോര കച്ചവട മേഖല, ഫുഡ്പാത്ത്, ചരക്ക് കടത്തുന്നതിനുള്ള വഴി എന്നിവ കൃത്യമായി നിശ്ചയിച്ച് രേഖപ്പെടുത്തുന്നതായിരിക്കും.

26. ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കൽ

26.1 ഭക്ഷണ പദാർത്ഥങ്ങൾ അതാത് സ്ഥലങ്ങളിൽവച്ച് തത്സമയം ഉണ്ടാക്കി നൽകുന്നതോ/ മുൻകൂട്ടി തയ്യാറാക്കിയതായോ വിൽക്കുന്ന വഴിയോര കച്ചവടക്കാർ ഫുഡ് സേഫ്റ്റി ലൈസൻസ് 2006 പ്രകാരം

പ്രവർത്തിക്കേണ്ടതാണ്. ടി നിയമത്തിൽഅനുശാസിക്കുന്ന നിബന്ധനകൾ ലംഘിക്കുന്ന പക്ഷം, 2006 ഫുഡ് സേഫ്റ്റി ആക്ടിൽനിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ശിക്ഷാ നടപടികൾ, പിഴ, എന്നിവ നഗരസഭ ഈടാക്കുന്നതാണ്. ശിക്ഷാ നടപടികൾശരിവയ്ക്കുന്ന പക്ഷം നഗരകച്ചവട സമിതിയക്ക് (ംശവേ ശാാലറശമഭല ലമ്മലരഴ)വെൻഡിംഗ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യാവുന്നതാണ്.

**27. പൗര സംബന്ധിയായ മറ്റ് സേവനങ്ങൾ**

27.1 കുടിവെള്ള സംവിധാനം, പൊതുശൗചാലയ സൗകര്യം തുടങ്ങിയ സൗകര്യങ്ങൾ വഴിയോര കച്ചവട മേഖലയിൽസ്ഥാപിക്കേണ്ടതാണ്.

27.2 പൊതുമാലിന്യ സംസ്കരണ സംവിധാനങ്ങൾ നഗരസഭ പ്രത്യേക കച്ചവട മേഖലയിൽഒരുക്കുന്നതായിരിക്കും. ഈ സൗകര്യം ശുചിയായി സൂക്ഷിക്കേണ്ടതാണ്.

27.3 കോമ്പാക്ട് ഫ്ലൂറസെൽ ലൈറ്റുകൾ സ്ഥാപിക്കുന്നതായിരിക്കും.

27.4 വ്യക്തിഗത വൈദ്യുതി/ കുടിവെള്ള കണക്ഷനുകൾ എന്നിവ വഴിയോര കച്ചവട മേഖലയിൽഅനുവദിക്കുന്നതല്ല.

**28.വഴിയോര കച്ചവടക്കാർക്ക്കൗൺസിലിലേക്കുപരാതി /അപ്പീൽ സമർപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ**

28.1 വെൻഡിംഗ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്, റദ്ദ് ചെയുന്നത്, തടഞ്ഞു വെയ്ക്കുന്നത്, മറ്റു വിഷയങ്ങൾ സംബന്ധിച്ച് ടൗൺ വെൻഡിംഗ് കമ്മിറ്റി സ്വീകരിച്ച നടപടികളിൽ വഴിയോര കച്ചവടക്കാർക്കു പരാതികൾ ഉള്ള പക്ഷം ആയതു പരിഹരിക്കുന്നതിനായി നഗരസഭ കൗൺസിലിലേക്കു പരാതി/ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

28.2 ടൗൺ വെൻഡിംഗ് കമ്മിറ്റി തിരുമാന തിയ്യതി മുതൽ 30 ദിവസത്തിനകം പരാതി/ അപ്പീൽ സമർപ്പിക്കേണ്ടതാണ്

28.3 പരാതി/ അപ്പീലിനുള്ള അപേക്ഷ നിശ്ചിത ഫോറത്തിൽ (കേരള തെരുവുകച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) ചട്ടം 2018 ലെ ഫോറം 5 പ്രകാരം) സമർപ്പിക്കേണ്ടതാണ്

28.4 അപേക്ഷയ്ക്കൊപ്പം പരാതിക്കു ആധാരമായ തീരുമാനത്തിൽ ശരി പകർപ്പ് ഉണ്ടായിരിക്കണം

28.5 അപേക്ഷയുടെ/ അപ്പീലിൻറെ മൂന്നു കോപ്പി സമർപ്പിക്കണം

28.6 ടൗൺ വെൻഡിംഗ് കമ്മിറ്റിയിൽ എടുത്ത തീരുമാനങ്ങൾക്കു മാത്രമേ അപ്പീൽ/ പരാതികൾ സമർപ്പിക്കാൻ അവസരമുള്ളൂ.

28.7 നഗര തെരുവ്തെ കച്ചവട സമതിയ്ക്കും നഗരസഭ കൗൺസിലിനും പരിഹരിക്കാൻ കഴിയാത്ത വിഷയങ്ങളിൽ തെരുവ് കച്ചവടക്കാർക്കുള്ള പരാതികൾ കേരള തെരുവുകച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) ചട്ടം 2018 ലെ ഫോറം 6 പ്രകാരം സംസ്ഥാന തല പരാതി പരിഹാര കമ്മിറ്റിക്കു അപേക്ഷ / അപ്പീൽ നൽകാവുന്നതാണ്

**29. മറ്റ് വിഷയങ്ങൾ**

29.1 നഗരസഭ പരിധിയിൽവഴിയോര കച്ചവടം നടത്തുന്നതിനുള്ള സമയ പരിധി നിശ്ചയിക്കുന്നതിനുള്ള അധികാരം നഗരസഭ കൗൺസിലിൽനിക്ഷിപ്തമാണ്.

29.2 വഴിയോര കച്ചവടം നടത്തുന്ന വ്യക്തിവെൻഡിംഗ് ലൈസൻസ് റദ്ദ് ചെയ്യുന്നതിന് പ്രത്യേക അപേക്ഷ നഗരസഭ ഹെൽത്ത് സൂപ്പർവൈസർമുൻപാകെ സമർപ്പിക്കേണ്ടതാണ്.

29.3 വെൻഡിംഗ് സർട്ടിഫിക്കറ്റ്/ ലൈസൻസ് അനുവദിച്ച / സർവേയിൽഉൾപ്പെട്ട വഴിയോര കച്ചവടം നടത്തുന്ന വ്യക്തി മരണപ്പെടുകയോ, അനാരോഗ്യത്താൽകച്ചവടം നടത്താൻ സാധിക്കാത്തതെ വരികയോ ചെയ്യുന്ന പക്ഷം ആയതു ബന്ധപ്പെട്ട അധികാരികളെ അറിയിക്കേണ്ടതും , നഗരസഭ ഹെൽത്ത് സൂപ്പർവൈസർ / ടിയാൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ, കച്ചവടം നടത്തിയിരുന്ന വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിനോ, ഭാര്യ/

ഭർത്താവിനോ (നിയമാനുസൃത പിന്തുടർച്ചാവകാശ അടിസ്ഥാനത്തിൽ/അപേക്ഷയുടെ അടിസ്ഥാനത്തിൽ)വെൻഡിംഗ് ലൈസൻസ് അനുവദിക്കാവുന്നതാണ്.ഇത്തരത്തിൽ പിന്തുടർച്ചാവകാശി ഇല്ലാത്ത പക്ഷം ലൈസൻസ് റദ്ദ് ചെയ്യുന്നതാണ്.

29.4 സമയാ സമയങ്ങളിൽവരുന്ന മാറ്റങ്ങൾക്കു വിധേയമായി/ പൊതുജന താൽപര്യാർത്ഥം വഴിയോര കച്ചവട നിയമാവലി ഭേദഗതി ചെയ്യുവാനുള്ള അധികാരം നഗരസഭയിൽനിക്ഷിപ്തമാണ്.

30. **നിയമാവലി ഭേദഗതി**

ഈ നിയമാവലിയിൽഭേദഗതി ആവശ്യമായി വരുന്നപക്ഷം തെരുവ് കച്ചവട സമിതിയുടെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, കൗൺസിൽഎന്നിവയുടെയും അംഗീകാരത്തിന് വിധേയമായി കാലാകാലങ്ങളിൽനിയമാവലിയിൽഭേദഗതി വരുത്തുന്നതാണ്.

**കുറിപ്പ്:**

കോഴിക്കോട് ബീച്ചിൽ ഭക്ഷ്യവസ്തുക്കൾ കച്ചവടം ചെയ്യുന്നവരുടെ വാർഷിക ലൈസൻസ് ഫീസ് പ്രത്യേക സാഹചര്യം പരിഗണിച്ച് 8000 / രൂപയായി നഗരസഭാ കൗൺസിൽ നഗര തെരുവ് കച്ചവട സമിതിയുടെ അംഗീകാരത്തോടെ നിശ്ചയിച്ചിട്ടുണ്ട്. ആയത് വാർഷിക വർദ്ധനവിന് വിധേയമായിരിക്കുന്നതാണ്. ടി ഫീസ് ഘടന സമയാ സമയങ്ങളിൽ നഗരസഭ കൗൺസിലിന് പുതുക്കാവുന്നതാണ്.